LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പ്രദേശങ്ങളിൽനിന്നും ഒഴിപ്പിക്കേണ്ടിവരുന്നവർ

* 651 [18] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട് ജില്ലയിലെ കുറ്റ്യാടി വിദ്യുച്ഛക്തി പദ്ധതി, കുറ്റ്യാടി ജലസേചനപദ്ധതി എന്നീ പ്രദേശങ്ങളിൽ നിന്നും എത്ര പേരെ ഒഴിപ്പിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) അവർക്ക് എവിടെയാണ് പകരം സ്ഥലം കൊടുക്കുന്നത് ;

(സി) ഒഴിഞ്ഞുപോകേണ്ടിവരുന്നവരിൽ നിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) കണക്കെടുത്തിട്ടില്ല.

(ബി) കുറ്റ്യാടി പ്രോജക്ടിനടുത്ത വെള്ളിപ്പൊറ മലവാരത്തിൽ കുടിയിരുത്തുവാൻ കൊടുക്കുവാനുള്ള ആലോചനയുണ്ട്.

(സി) ഇല്ല.

(ഡി) മുൻ ചോദ്യത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : കുറ്റ്യാടി ഇറിഗേഷൻ പദ്ധതി ഹൈഡ്രോ ഇലക്ട്രിക്കു പദ്ധതി മുതലായ പദ്ധതികളും വരുന്നതു കൊണ്ട് അവിടെതാമസിക്കുന്നവർക്ക് യാതൊരുവിധ ദേഹണ്ഡങ്ങളും ചെയ്യാൻ വയ്യാത്തവിധത്തിലിരിക്കുകയാണ്. അതുകൊണ്ട് കഴിയുന്നവേഗത്തിൽ തീരുമാനമെടുത്ത് മറ്റു ഭൂമികളും പതിച്ചുകൊടുക്കാൻ നടപടി എടുക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ: ഇതിനെപ്പറ്റിത്തന്നെയാണ് ഉത്തരത്തിൽ പറയുന്നത്.

ശ്രീ. എ. എ. റഹിം : ഇറക്കിവിടുന്നവർക്കെല്ലാം പകരം എന്തെങ്കിലും സ്ഥലം കൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഇങ്ങനെ ഇറക്കിവിട്ടവർക്ക് പകരം ഭൂമി കിട്ടിയിട്ടില്ലെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. എ. തൊമ്മൻ : പ്രത്യേകം ചോദ്യം ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളൂ.

പണി പൂർത്തിയാകാത്ത ജലസേചനപദ്ധതികൾ.

* 652. [19] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണി ആരംഭിച്ചിട്ട് അഞ്ചു വർഷത്തിലധികം കാലമായിട്ടും പൂർത്തിയാകാത്ത എത്ര ഇടത്തരം ജലസേചനപദ്ധതികൾ സ്റ്റേറ്റിലുണ്ട് ;

(ബി) മൂവാറ്റുപുഴ ആറ്റിൽനിന്നും വടയാർ കരിനിലങ്ങളിലേക്ക് വെട്ടിവിട്ടിരുന്ന തോടിന്റെ പണി ആരംഭിച്ചതെന്നാണ് ;

(സി) ഈ തോടിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ന് ;

(ഈ) എന്തുകൊണ്ടാണ് പ്രസ്തുത തോട് ഇനിയും തുറന്നുവിടാതിരിക്കുന്നത്;

(എഫ്) ഈ വർഷംതന്നെ ഇതു തുറന്നുവിടുന്നതിനുള്ള നടപടികൾ എടുക്കുമോ ;

(ജി) ഈ തോട്ടിലെ വെള്ളംകൊണ്ട് ഗുണമനുഭവിക്കേണ്ട നിലങ്ങളുടെ ഉടമസ്ഥരോട് ജലനികുതി (അഭിവൃദ്ധിനികുതി) ഈടാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) ;

(എ) 11 എണ്ണം. ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്. *

(ബി) 28-2-52-ൽ

(സി) റഗുലേറ്ററിന്റെ ഷട്ടർ ഇടുന്ന പണിയൊഴികെ ബാക്കി യെല്ലാം പൂർത്തിയായി.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഈ) റഗുലേറ്ററിന്റെ ഷട്ടർ ഇടുന്നതിനുള്ള പണി ആരംഭിച്ചു കഴിഞ്ഞു. ഈ ഷട്ടർ ഇടാനുള്ളതുകൊണ്ടാണ് വെള്ളം തുറന്നുവിടാതിരിക്കുന്നത്.

(എഫ്) ഷട്ടറിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ വെള്ളം തുറന്നു വിടാവുന്നതാണ്. ഇതു കഴിയുന്നതും വേഗം പൂർത്തിയാക്കാൻ ശ്രമിക്കാം.

(ജി) പണി പൂർത്തിയായി വെള്ളം കൊടുത്തു തുടങ്ങുമ്പോഴേ മാത്രമേ ഈ പ്രശ്നം ഉദിക്കുന്നുള്ളൂ.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഈ ഷട്ടറിന്റെ പണി പൂർത്തിയാകുവാൻ കാലതാമസമെന്താണ്; എന്നു ഷട്ടറിന്റെ പണി പൂർത്തിയാകുമെന്നു പറയുമോ ?

ശ്രീ. ഈ. പി. പൗലോസ് : ആദ്യംതന്നെ ഷട്ടറിനു ഒരു ഡിസൈൻ ഉണ്ടാക്കി. ആ ഡിസൈൻ അനുസരിച്ച് ഷട്ടർ പണിയുന്നതിനുള്ള ഒരു കാൺട്രാക്ട് ഫിക്സ് ചെയ്യാൻ സാധിച്ചില്ല. അതുകൊണ്ടു വർക്ക് തുടങ്ങാനും സാധിച്ചില്ല. അതിനുശേഷം വേറൊരു ഡിസൈനിൽ ഷട്ടറിന്റെ പണി തുടങ്ങിയിട്ടുണ്ട്. അതു പൂർത്തിയായി പരിശോധിച്ചു നോക്കിയതിനുശേഷം മാത്രമേ മറ്റതു പണി ആരംഭിക്കുകയുള്ളൂ.

ശ്രീ. കെ. കൃഷ്ണപിള്ള : മീഡിയം ലിഫ്റ്റ് ഇറിഗേഷനുവേണ്ടി കൊല്ലം ജില്ലയിൽ കുറെ പദ്ധതികളുണ്ട്. ആ പദ്ധതികളെല്ലാംതന്നെ രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. മൂന്നാം പദ്ധതി അവസാനിക്കാറായിട്ടും അതിന്റെ പ്രവർത്തനം ഈ പദ്ധതികാലഘട്ടത്തിൽ അവസാനിക്കുന്ന ലക്ഷണമില്ല. ആ പദ്ധതികളെ സംബന്ധിച്ചിടത്തോളം എന്താണ് കാലതാമസം എന്നുള്ളതിനെപ്പറ്റി അന്വേഷിക്കാമോ ?

ശ്രീ. ഈ. പി. പൗലോസ്: പൊതുവെ ഇതിനുള്ള ഒരു കാരണം ഇതിനു ഒരു എക്കണോമിക് ലിമിറ്റ് വച്ചിട്ടുള്ളതാണ്. ലാൻഡ് അക്വിസിഷൻ ഒഴിവാക്കാൻവേണ്ടി ആളുകൾ സ്ഥലം സറണ്ടർ ചെയ്യാമെന്നു പറഞ്ഞു എഗ്രിമെന്റ് ചെയ്യും. നടപടികൾ തുടങ്ങുമ്പോൾ നാലഞ്ചു സ്ഥലത്തുനിന്നു എതിർപ്പുവരും. പിന്നീട് ലാൻഡ് അക്വിസിഷനു പോകേണ്ടതായിവരും. അപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണം. കാരണം ലാൻഡ് അക്വിസിഷൻ നടപടികൾക്കുവേണ്ടി പണം ചെലവുവരുന്നതുകൊണ്ട് എസ്റ്റിമേറ്റ് പുതുക്കേണ്ടിവരും. ഈ വക ബുദ്ധിമുട്ടുകൾ എല്ലാ മീഡിയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും വരുന്നുണ്ട്.

---

* Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഹസ്സൻഗനി : ഇങ്ങനെയുള്ള പദ്ധതിക്കുവേണ്ടി സ്ഥലം തരാമെന്നു പറഞ്ഞു് ആനക്കയം പ്രദേശത്തുനിന്നും ആവശ്യപ്പെട്ടിട്ടും ഇതുവരെയായിട്ടും നടപടിയും എടുത്തുകാണുന്നില്ല. ഇങ്ങനെസ്ഥലം ഉറപ്പായിട്ടു തരാമെന്നു സമ്മതിക്കുന്ന പ്രദേശങ്ങളിൽ ഉടൻതന്നെപണികളും തുടങ്ങുന്നതിനു വേണ്ട നടപടികളും എടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ആനക്കയത്തെ സംബന്ധിച്ചു് പ്രത്യേകം ചോദ്യം ചോദിച്ചാലേ പറയാൻ സാധിക്കുകയുള്ളൂ.

Bodi-Cochin Railway Line

* 653. [20] ശ്രീ. ടി. മുരുകേசன்: கீழ் காணும் வினாக்களுக்கு மராமத்து இலாகா மந்திரி அவர்கள் விடை பகர்வார்களாக:

(எ) 1964-ம் வருஷம் ஜனுவரி மாதம் 18-ம் தேதி தமிழ் தினத் தந்தி பத்திரிகையில் போடிநாய்க்கனூருக்கும், கொச்சிக்கும் நாலாவது ஐந்தாண்டு திட்டத்தில் போடி-கொச்சி ரயில்பாதை அமைக்கவேண்டுமென்று பிரசுரித்துள்ள செய்தி விவரங்கள் சர்க்காரின் கவனத்திற்கு வந்துண்டா;

(பி) அப்படி சர்க்காரின் கவனத்துக்கு வந்திருக்குமானால் அதன் பேரில் இதற்கு முன்னால் ஏதாவது நீட்டம் ஏற்படுத்தியதுண்டா; அல்லது ஏற்படுத்த தகுந்த நடவடிக்கை எடுக்கப்படுமா;

(சி) இல்லையெனில் அதற்கு தகுந்த நடவடிக்கைகள் எடுக்கும் பொழுது அந்தப் பாதையை ஹைரேஞ்சு பிரதேசமான உடும்பஞ்சோலை தேவிகுளம் தாலுகாக்களின் பிரதேசத்தை உட்படுத்தி மூணார் வழியாக ரயில்பாதை அமைப்பதற்குள்ள நடவடிக்கைகளை எடுப்பதற்கு சர்க்காருக்குத் தயவுண்டாகுமா ?

Minister for Public Works (**Shri P. P. Ummer Koya**):

(a) No.

(b & c) Cochin-Bodinaikannoor Railway line will be considered when the question of Railway lines to be recommended to the Government of India for inclusion in the Fourth Plan is taken up.

Rural Electrification Centres

* 654. [21] **Shri M. C. Abraham** : Will the Minister for Home Affairs be pleased to state :

(a) how many rural electrification centres have been sanctioned this financial year ;

(b) of them how many are non-remunerative centres ;

(c) have the Government received any representation from the inhabitants of Neezhoor Village in Vaikom Taluk that a non-remunerative centre be sanctiond there ;

(d) if so whether any steps have been taken on it ; and

(e) will the Government sanction a non-remunerative centre for Neezhoor ?

LIBRARY ARCHIVES Kerala Legislative Assembly